


# നല്ല സമരിയാക്കാരൻ

ഡീ. സൂരജ് കടവിൽ

ലൂക്കാ. 10: 25-37 (Vol. 9, Issue 65)

നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം എന്ന ഒരു നിയമജ്ഞന്റെ ചോദ്യമാണ് നല്ല സമരിയക്കാരന്റെ ഉപമയിലേയ്ക്ക് ഈശോയെ നയിക്കുന്നത്. ഒരുപക്ഷെ, ആധുനിക തലമുറയുടെ മക്കളായ നമ്മൾ ഇന്ന് ചോദിക്കുവാൻ അല്ലെങ്കിൽ അന്വേഷിക്കുവാൻ മറന്നുപോകുന്ന ഒരു ചോദ്യമാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്. അതിനാൽ സ്വാഭാവികമായി തന്നെ ഈ ചോദ്യകർത്താവിനോട് നമുക്കൊരു ബഹുമാനം തോന്നിയേക്കാം. എന്നാൽ, നാം ഇവിടെ തിരിച്ചറിയേണ്ട ഒരു കാര്യമുണ്ട്. ഈ ചോദ്യമുയരുന്നത് ഒരു നിയമപണ്ഡിതന്റെ ഭാഗത്തു നിന്നാണ്. നിയമഗ്രന്ഥവും പ്രവചനങ്ങളും അറിയാമെന്ന് സ്വയം കരുതുകയും മറ്റുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകാൻ താൻ യോഗ്യനാണെന്ന് സ്വയം അഭിമാനിക്കുകയും ചെയ്യുന്ന ഒരു നിയമപണ്ഡിതനാണ് ചോദ്യം ഉന്നയിക്കുന്നത്. ഇവിടെ ഇദ്ദേഹം ഈ ചോദ്യം ഉന്നയിക്കുന്നതിനു പിന്നിൽ ഒറ്റ ലക്ഷ്യമേയുള്ളൂ. അത് യേശുവിനെ അറിയാനുള്ള ആഗ്രഹം കൊണ്ടല്ല മറിച്ച്, യേശുവിനെ പരീക്ഷിക്കുവാൻ വേണ്ടിയാണ്. എന്തെന്നാൽ വിശുദ്ധ ഗ്രന്ഥത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അയാൾക്ക് വ്യക്തമായറിയാം. എന്നാൽ അയാൾക്കറിയേണ്ടത് ദൈവശാസ്ത്ര സർട്ടിഫിക്കറ്റും കലാലയ വിദ്യാഭ്യാസവുമില്ലാത്ത ഈ പ്രവാചകൻ എന്ത് ഉത്തരം നൽകുന്നു എന്നതാണ്. അതിനാൽ ആണ് ഈശോയോട്, എന്റെ അയൽക്കാരൻ ആരാണ് എന്ന മറുചോദ്യത്തിന് അവൻ മുതിരുന്നത്. അവിടെ അവന്റെ ചോദ്യത്തിനുള്ള ഉത്തരമായിട്ടാണ് ഈശോ നല്ല സമരിയാക്കാരന്റെ ഉപമ പറയുന്നത്.

ഒരിക്കൽ ഒരു ലൂഥറൻ പാസ്റ്റർ വചനശുശ്രൂഷയ്ക്കിടെ ഇപ്രകാരം പറഞ്ഞു: ഒരു അമേരിക്കൻ പട്ടാളക്കാരൻ ഇറാഖിലെ ഫല്ലുങ്ങായിൽ നിന്നും ബാഗ്ദാദിലേയ്ക്ക് പോവുകയായിരുന്നു. വഴിയിൽ വച്ച് കുറെ കള്ളന്മാർ അയാളെ ആക്രമിച്ചു. അയാളുടെ കയ്യിലുണ്ടായിരുന്ന ആയുധങ്ങളും സമ്പാദ്യങ്ങളും പിടിച്ചുമേടിച്ച് കള്ളന്മാർ കടന്നുകളഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അതിലെ മാർപാപ്പാ കടന്നുവന്നു. അപ്പോൾ ആ പട്ടാളക്കാരന്റെ ഉള്ളിൽ ഒരു പ്രതീക്ഷ വന്നു. വീണുകിടക്കുന്നത് പട്ടാളക്കാരനാണെങ്കിലും മറ്റൊരു പ്രധാന പരിപാടിയിൽ പങ്കെടുക്കാനുള്ളതു കൊണ്ട് മാർപാപ്പായുടെ കാർ നിർത്താതെ അയാളെ കടന്നുപോയി. അൽപം കഴിഞ്ഞപ്പോൾ അമേരിക്കൻ പ്രസിഡന്റ് ആ വഴിയേ വന്നു. അദ്ദേഹത്തിന് ഒരു പ്രസ്സ് മീറ്റിംഗ് ഉണ്ടായിരുന്നതിനാൽ അദ്ദേഹവും പട്ടാളക്കാരനെ മറികടന്നുപോയി. അപ്പോഴാണ് ബിൻലാദൻ ആ വഴി വന്നത്. ആ പട്ടാളക്കാരനെ കണ്ട് അയാളുടെ മനസ്സലിഞ്ഞു. അയാൾ, പട്ടാളക്കാരന്റെ അടുത്തു ചെന്ന് മുറിവുകൾ വച്ചുകെട്ടിയതിനു ശേഷം തന്റെ കുതിരപ്പുറത്ത് കയറ്റി അയാളെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. ചികിത്സാ ചെലവും അയാൾ തന്നെ വഹിച്ചു. ഉടനെ പള്ളിയ്ക്കകത്തു നിന്നും "പാസ്റ്ററെ, നിർത്തൂ. മണ്ടത്തരം വിളിച്ചുപറയാതെ..." എന്ന് ഒരു യുവാവ് വിളിച്ചു പറഞ്ഞു.

പ്രിയമുള്ളവരെ, ഈ കഥ നമുക്ക് ഒരിക്കലും ദഹിക്കാനാവില്ല. എന്തെന്നാൽ ഈ കഥയിൽ ഒരു ലോജിക്കും കണ്ടെത്താൻ നമുക്ക് സാധിക്കില്ല. ഇതുപോലെ ഈശോ പറഞ്ഞ നല്ല സമരിയാക്കാരന്റെ കഥ ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം അവന് ഉൾക്കൊള്ളാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. കാരണം, യഹൂദരും സമരിയാക്കാരും ബദ്ധശത്രുക്കളായിരുന്നു. സങ്കരവർഗ്ഗക്കാരായ സമരിയാക്കാരെ യഹൂദർ, അവജ്ഞതയോടെയാണ് വീക്ഷിച്ചിരുന്നത്. യേശുവിന്റെ കാലഘട്ടത്തിൽപ്പോലും യഹൂദരും സമരിയാക്കാരും തമ്മിൽ ശത്രുത നിലനിന്നിരുന്നു. ജറുസലേമിൽ നിന്ന് ഗലീലിയിലേയ്ക്ക് പോകാൻ സമരിയായിലൂടെ എളുപ്പവഴി ഉണ്ടായിരുന്നെങ്കിലും യഹൂദന്മാർ സമരിയായിലൂടെയുള്ള വഴി ഒഴിവാക്കി ജോർദ്ദാൻ നദീതീരത്തു കൂടിയുള്ള വഴിയാണ് ഉപയോഗിച്ചിരുന്നത്. ഇത്രമാത്രം ശത്രുത പുലർത്തിയിരുന്ന ഒരു യഹൂദനോടാണ്, “നിന്റെ അയൽക്കാരൻ സമരിയാക്കാരനായ വിജാതീയൻ ആണ്” എന്ന് ഈശോ പറയുന്നത്.

തിരിച്ചറിയുക, നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ ഈശോ നമ്മെ ഓരോരുത്തരെയും വെല്ലുവിളിക്കുകയാണ്. നമ്മുടെ സ്നേഹിതനിലേയ്ക്ക് മാത്രം നമ്മുടെ സ്നേഹവും സഹായവും ഒതുങ്ങിനിൽക്കാതെ നമ്മെ പീഡിപ്പിക്കുന്നവരിലേയ്ക്കു കൂടി നമ്മുടെ സ്നേഹവും സഹായവും ശുശ്രൂഷയും എത്തണമെന്ന് ഈശോ ഈ ഉപമയിലൂടെ നമ്മോട് ആവശ്യപ്പെടുകയാണ്.

മുപ്പത് വെള്ളിക്കാശിന് തന്നെ ഒറ്റിക്കൊടുത്ത യൂദാസിനെയും, ചങ്ങലകളാൽ ബന്ധിക്കുവാൻ വന്ന ചെവിയറ്റ രാജസേവകനെയും, മുഖത്ത് കാറിത്തുപ്പിയ പട്ടാളക്കാരനെയും, വിലാവിൽ കുന്തം കൊണ്ടു കുത്തിയ പടയാളിയെയും സ്നേഹിതനായി കാണുവാൻ തന്റെ ജീവിതമാതൃകയിലൂടെ എന്നോടും നിന്നോടും ഈശോ ആവശ്യപ്പെടുകയാണ്. നീയും പോയി അതുപോലെ ചെയ്യുക.

പ്രിയമുള്ളവരെ, ഈ നിമിഷം നമുക്ക് നമ്മുടെ ജീവിതത്തെ ഒന്ന് പരിശോധിക്കാം. നമ്മുടെ ജീവിതത്തിൽ നാം സമരിയാക്കാരനായിക്കണ്ട് മാറ്റിനിർത്തുന്നവരോടുള്ള നമ്മുടെ സമീപനം എങ്ങനെയാണ്? അവരുടെ വീഴ്ചയിൽ എനിക്ക് നല്ല സമരായൻ ആകുവാൻ സാധിക്കുന്നുണ്ടോ? ഒരുപക്ഷെ, അവനെ സഹായിക്കാതിരിക്കാനുള്ള കാരണങ്ങൾ പലതായിരിക്കാം. പ്രകാശത്തിന്റെ നാട്ടിൽ നിന്ന് അന്ധകാരത്തിന്റെ നാട്ടിലേയ്ക്ക് അവൻ പോകരുതായിരുന്നു; അവൻ എന്റെ കൂടെ നിൽക്കണമായിരുന്നു; എന്നെ ഒറ്റുവാൻ പാടില്ലായിരുന്നു; എന്നെ സഹായിക്കേണ്ട സമയത്ത് അവൻ സഹായിക്കണമായിരുന്നു...

എന്നാൽ, ഈശോ നമ്മോട് പറയുന്നു: “പ്രിയപ്പെട്ട മകനേ, ഈ വഴിയിലൂടെ നടക്കുന്നവരെല്ലാം നിന്റെ അയൽക്കാരനാണ്.” അവന്റെ യാത്രയുടെ ഉദ്ദേശശുദ്ധിയല്ല അവനെ നിന്റെ അയൽക്കാരനാക്കുന്നത്. അവൻ വഴിതെറ്റിയവനായിരിക്കാം, അപകടത്തിൽ പെട്ടവനായിരിക്കാം, നിന്നെ ചതിച്ചവനായിരിക്കാം... എന്നാൽ അവന് നിന്റെ സാന്നിധ്യം ആവശ്യമാണ്. അവന് നിന്റെ സമയവും പണവും ഫോണും സാന്നിധ്യവും ആവശ്യമുണ്ട്. അതിനാൽ നിന്റെ കാഴ്ചപ്പാടും മനോഭാവവും അടിസ്ഥാനപരമായി വിപ്ലവകരമായ ഒരു മാറ്റത്തിന് കാരണമായി തീരുന്നെങ്കിൽ മാത്രമേ നിനക്ക് നല്ല ഒരു അയൽക്കാരനാകാൻ സാധിക്കുകയുള്ളൂ. അതല്ലെങ്കിൽ നിയമത്തിന്റെയും സാമൂഹ്യവ്യവസ്ഥിതിയുടെയും പേരിൽ തിരിഞ്ഞു നടന്ന പുരോഹിതനെയും ലേവായനെയും പോലെ ദൈവസ്നേഹമില്ലാത്തവരായി നാം മാറും. എന്തെന്നാൽ, അയൽക്കാരനെ സ്നേഹിക്കുവാൻ സാധിക്കുന്നവനേ ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കൂ.

അതോടൊപ്പം തന്നെ ഇന്നത്തെ സുവിശേഷം നമുക്ക് കാട്ടിത്തരുന്നത് നിത്യജീവനിലേയ്ക്കുള്ള വഴി കൂടിയാണ്. നിത്യജീവനിലേയ്ക്കുള്ള വഴിയേ നാം ഒരുപാട് യാത്ര ചെയ്യേണ്ടതില്ല. എന്തെന്നാൽ, ആ വഴി നാമായിരിക്കുന്ന ദൈവാലയത്തിന്റെയും നമ്മുടെ ഭവനത്തിന്റെയും നമ്മുടെ ഓഫീസ് മുറികളുടെയും മുമ്പിലൂടെയാണ്. ആ വഴിയിൽ അവശരായി വീണുകിടക്കുന്നവരെ കൈപിടിച്ച് ഉയർത്തുവാൻ സാധിച്ചാൽ നമുക്ക് നിത്യജീവൻ ലഭിക്കുമെന്നത് ഉറപ്പാണ്. വീണുകിടക്കുന്നവനെ കൈപിടിച്ചുയർത്തിയാൽ അവൻ എന്റെ ജീവൻ അപഹരിക്കുമെന്ന് പേടി വേണ്ട. എന്തെന്നാൽ, ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ട അലക്സാണ്ടർ എന്ന യുവാവിനെ വിശുദ്ധനാക്കിയ മരിയ ഗൊരേത്തിക്കും, ഭീകരസംഘടനയിൽ അംഗമായിരുന്ന അലി അഗ്ക എന്ന യുവാവിനെ സ്നേഹിതനാക്കിയ വി. ജോൺപോൾ രണ്ടാമനും, വാടക കൊലയാളിയായ സമീന്ദർ സിങ്ങിനെ സഹോദരനാക്കി മാറ്റിയ വാഴ്ത്തപ്പെട്ട റാണി മരിയയ്ക്കും പാപത്തിന്റെ അന്ധകാരത്തിൽ വീണുകിടന്നിരുന്ന തന്റെ അയൽക്കാരെ കൈപിടിച്ചുയർത്തിയപ്പോൾ തങ്ങളുടെ ജീവൻ നഷ്ടമാവുകയല്ല മറിച്ച്, നിത്യജീവന് അവകാശികളാവുകയാണ് ചെയ്തത്.

അതിനാൽ പ്രിയമുള്ളവരെ, ജറുസലേമിൽ നിന്ന് ജറീക്കോയിലേയ്ക്കുള്ള നമ്മുടെ വഴിയാത്രയിൽ വീണുകിടക്കുന്നവരെ കൈപിടിച്ചുയർത്തുന്ന നല്ല സമരിയാക്കാരനായി നമുക്ക് മാറാം.